**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **08-10-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പിന് പുറത്തുള്ള മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 2024 ഓഗസ്റ്റ് 31 വരെ മെഡിസെപ്പിന് പുറത്തുള്ള മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് വഴിയുള്ള എത്ര അപേക്ഷകളിൽ തുക കൊടുത്ത് തീർക്കുവാനുണ്ട്; ഇതിൽ ഉൾപ്പെടുന്ന തുക എത്രയാണെന്ന് വകുപ്പ് തിരിച്ചുള്ള എണ്ണവും തുകയും ലഭ്യമാക്കാമോ; | (എ) | ധനകാര്യ (ലോൺസ്) വകുപ്പിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് നൽകേണ്ടതിനാൽ വിവരങ്ങൾ ശേഖരിച്ച് വരുന്നു എന്ന താത്കാലിക മറുപടി നൽകുന്നു. |
| (ബി) | സർക്കാരിന്റെ സാമ്പത്തിക പരാധീനത മൂലം പ്രസ്തുത അപേക്ഷകൾ അകാരണമായി താമസിപ്പിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപേക്ഷകൾ തീർപ്പാക്കുവാൻ സേവനാവകാശ നിയമപ്രകാരം കാലപരിധി നിലവിലുണ്ടോ; ഇത്തരം അപേക്ഷകളിൽ ആശുപത്രി ചികിത്സാ ചെലവുകൾ സമയബന്ധിതമായി കൊടുക്കുവാൻ വേണ്ട നിർദേശം നൽകുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന, പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന സർവ്വീസുകൾ ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യാത്തതിനാൽ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ധനകാര്യ വകുപ്പിനെ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ ധനകാര്യ വകുപ്പിൽ ലഭ്യമാകുന്ന മെഡിക്കൽ റീഇംപേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ സേവനാവകാശ നിയമ പ്രകാരം കാലപരിധി നിശ്ചയിച്ചിട്ടില്ല. 01.07.2022 പ്രാബല്യത്തിൽ ജി.ഒ.(പി)നം.70/2022/ധന പ്രകാരം മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വന്നതിനു ശേഷമുള്ള മെഡിസെപ്പിൽ ഉൾപ്പെടാത്ത ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്ത് നൽകാവുന്നതാണെന്ന് ധനകാര്യ (വകുപ്പ്)ഫയലിൽ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതിനാൽ അതിനുള്ള ഫയൽ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്. അപ്രകാരം വ്യവസ്ഥകൾ നിശ്ചയിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമേ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുകയുള്ളു എന്ന് വ്യക്തമാക്കുന്നു. |

സെക്ഷൻ ഓഫീസർ